शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

605

## ഒന്നാം പാദവാർഷിക മൂല്യനിർണയം 2015-2016

ക്ലാസ്സ് : VI | സാമൂഹ്യശാസ്ത്രം | സമയം : 2 മണിക്കൂർ

---

പൊതുനിർദ്ദേശങ്ങൾ

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയം ആണ് ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കണം
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം

---

**ചോദ്യം 1**

**'സൽത്തനത്ത്' ഭരണം അവസാനിപ്പിച്ച് ഡൽഹി കേന്ദ്രമായി ബാബർ തുടക്കം കുറിച്ച ഭരണം മുഗൾഭരണം എന്നറിയപ്പെടുന്നു.**

എ സൽത്തനത്ത് ഭരണത്തിന് അവസാനം കുറിച്ച യുദ്ധമേത്? (1)

ബി മുഗൾ സാമ്രാജ്യം വിസ്തൃതമാക്കാൻ അക്ബർ ചക്രവർത്തി സ്വീകരിച്ച സമ്പ്രദായം ഏത്?വിശദമാക്കുക. (3)

സി 1658 മുതൽ 1707വരെ മുഗൾ സാമ്രാജ്യം ഭരിച്ച ഭരണാധികാരി ആര്? (1)

**ചോദ്യം 2**

**സൽത്തനത്ത് കാലഘട്ടത്തിൽ ഡൽഹി ഭരണസിരാകേന്ദ്രമായിരുന്നു.**

എ ഡൽഹിയെ അധികാരകേന്ദ്രമായി തെരഞ്ഞെടുക്കാൻ ഭരണാധികാരികളെ പ്രേരിപ്പിച്ച ഭൂമിശാസ്ത്ര ഘടകങ്ങൾ എന്തെല്ലാമായിരുന്നു.? (4)

ബി ഡൽഹി ഭരിച്ച ചൗഹാൻ വംശത്തിലെ അവസാനത്തെ ഭരണാധികാരി ആര്? (1)

**ചോദ്യം 3**

**മധ്യകാല ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന തൊഴിലായിരുന്നു കൃഷി.**

എ കാർഷിക പുരോഗതിക്കായി അക്കാലത്തെ ഭരണാധികാരികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം? (3)

ബി മധ്യകാല ഇന്ത്യ സന്ദർശിച്ച മധ്യേഷ്യൻ സഞ്ചാരികളിൽ ഒരാളുടെ പേര് എഴുതുക? (1)

സി മുഗൾ കാലഘട്ടത്തിൽ ഉദ്യോഗസ്ഥർക്ക് വേതനമായി ഭൂമി പതിച്ച് കൊടുത്തിരുന്ന സമ്പ്രദായം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്? (1)

ചോദ്യം 4

വിദേശ സഞ്ചാരികയുടെ യാത്രാ വിവരണങ്ങളിൽ നിന്ന് മധ്യകാല ഇന്ത്യയിലെ തൊഴിൽ കേന്ദ്രങ്ങൾ, തൊഴിൽ വിഭാഗങ്ങൾ, കാർഖാനകൾ എന്നിവയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാം.

എ കാർഖാനകൾ എന്താണെന്ന് വിശദമാക്കുക? (2)

ബി കാർഖാനകളിൽ ഉണ്ടായിരുന്ന പ്രധാന തൊഴിൽ കൂട്ടങ്ങളിൽ ഏതെങ്കിലും ഒന്ന് എഴുതുക? (1)

സി മുഗൾ കാലഘട്ടത്തിലെ ജനങ്ങളുടെയിടയിൽ ഉണ്ടായിരുന്ന സാമൂഹിക അസമത്വങ്ങൾ ഏതെല്ലാമായിരുന്നു? (2)

ചോദ്യം 5

സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ഭൂപ്രകൃതിയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

എ കേരളത്തിൽ ഏറ്റവും കൂടുതൽ വിളവൈവിധ്യമുള്ള ഭൂപ്രദേശമേത്? (1)

ബി മലനാട്ടിലെ പ്രധാനപ്പെട്ട ഏതെങ്കിലും രണ്ട് വിളകളുടെ പേരെഴുതുക? (2)

സി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കൃഷി കുറയാനുള്ള കാരണങ്ങൾ എന്തെല്ലാം? (2)

ചോദ്യം 6

മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സാധനങ്ങളും സേവനങ്ങളും നിർമ്മിക്കുന്ന പ്രക്രിയയാണ് ഉല്പാദനം.

എ ഉല്പാദന ഘടകങ്ങൾ ഏതെല്ലാം? (2)

ബി ഏതെങ്കിലും ഒരു ഉല്പാദന ഘടകത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.? (3)